Indian Institute of Handloom Technology

# INDIAN INSTITUTE OF HANDLOOM TECHNOLOGY-KANNUR

**Government of Kerala**

Thottada, (P.O) Kizhunna, Kannur-670 007, Kerala, India

Tel/Fax: 0497-2835390, 0497-2739322, E-mail: info@iihtkannur.ac.in, Web: iihtkannur.ac.in

IIHT-K/ACAD/530/25/868 15.05.2025

**വിദ്യാഭ്യാസവാർത്തയിൽ പ്രസിദ്ധീകരിക്കുന്നതിന്**

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി - കണ്ണൂർ**

**ത്രിവത്സര ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു.**

**കണ്ണൂർ, സേലം (തമിഴ്നാട്), ഗഡക്(കർണ്ണാടക), വെങ്കിടഗിരി (ആന്ധ്രപ്രദേശ്) എന്നിവിടങ്ങളിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജികളിൽ നടത്തിവരുന്ന AICTE അംഗീകാരമുള്ള ത്രിവത്സര ഹാന്റ്‌ലൂം & ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ കോഴ്സിന്** അപേക്ഷ ക്ഷണിക്കുന്നു. എസ്.എസ്.എൽ.സി അഥവാ തത്തുല്യ പരീക്ഷയിൽ ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ച് പാസ്സായവർക്ക് അപേക്ഷിക്കാം. പ്രായം 2025 ജൂലൈ 1-ന് 15 വയസ്സിനും 23 വയസ്സിനും മദ്ധ്യേ ആയിരിക്കേണ്ടതാണ്. പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് പരമാവധി പ്രായം 25 വയസ്സാണ്.

കണ്ണൂരിലെ ആകെയുള്ള 40 സീറ്റിൽ 30 സീറ്റ് കേരളത്തിൽ നിന്നുള്ളവർക്കും തമിഴ്നാട്-6, കർണ്ണാടക-2, പോണ്ടിച്ചേരി-2, എന്നീ അനുപാതത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്കുമായി നീക്കിവെച്ചിട്ടുണ്ട്. അതുപോലെ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സേലം-4, വെങ്കിടഗിരി-3, ഗഡക്-3 എന്നീ അനുപാതത്തിൽ പ്രസ്തുത ഐ.ഐ.എച്ച്.ടികളിലും പ്രവേശനം ലഭിക്കുന്നതാണ്. പ്രവേശനം ലഭിക്കുന്നവർക്ക് ഗവൺമെന്റ് അനുവദിക്കുന്ന നിരക്കിൽ സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. അപേക്ഷ നേരിട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിലും ഓൺലൈനായി www.iihtkannur.ac.in എന്ന വെബ്സൈറ്റ് വഴിയും സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ പ്രിന്റ് ഔട്ട് താഴെ കാണുന്ന വിലാസത്തിൽ 16.06.2025-ന് മുമ്പായി ലഭിക്കേണ്ടതാണ്. അപേക്ഷഫോറം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും, എല്ലാം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും, മുകളിൽ നൽകിയ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ, വിദ്യാഭ്യാസ യോഗ്യത, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി, കമ്മ്യൂണിറ്റി എന്നീ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന **തീയ്യതി** 16.06.2025. വിശദവിവരങ്ങൾക്ക് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക.

**Fees Structure for First Year**

| * | Particulars of Fees | Amount (Rs) |
|---|---|---|
| 1 | Tuition Fee | 4,000 |
| 2 | Admission Fee | 200 |
| 3 | Institutional cum welfare Fund / Annum | 1,000 |
| 4 | Caution Deposit / Annum (Refundable) | 1,000 |
| 5 | Student Recreation Club, Sports Club & Games Fee | 2,000 |
| | **Total** | **8,200** |

To,

എക്സിക്യൂട്ടീവ് ഡയരക്ടർ
ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി-കണ്ണൂർ
പി. ഒ. കിഴുന്ന, തോട്ടട, കണ്ണൂർ-7
ഫോൺ : 0497-2835390
Website :www.iihtkannur.ac.in
email : info@iihtkannur.ac.in

എക്സിക്യൂട്ടീവ് ഡയരക്ടർ